

# പാപത്തിന്റെ പങ്കാളിയാകാൻ ഞാൻ വിസമ്മതിക്കുന്നു

ലേഖനം ● **ദിനാ എൽമൂത്തി**

**മാസങ്ങൾക്കു** മുമ്പ് ആഗസ്റ്റിലെ ചൂടേറിയ ഒരു ദിനത്തിൽ, ഏറെ നാളായി കാണാൻ കാത്തിരുന്ന ബത്‌ലഹേമിലെ ഐദാ (Aida) അഭയാർഥി ക്യാമ്പിലൂടെ ഞാൻ നടന്നു. അന്ന് ഞാൻ കണ്ട കുടുംബങ്ങളുടെ, വേദനയുടെയും പോരാട്ടത്തിന്റെയും അതിജീവനത്തിന്റെയും കഥകൾ എന്നെ ആഴത്തിൽ സ്പർശിച്ചു. പ്രമേഹം, അംഗവൈകല്യങ്ങൾ, വൃക്ക സംബന്ധമായ രോഗങ്ങൾ, ഹൃദ്രോഗം, കാൻസർ തുടങ്ങി അടിയന്തര ചികിത്സ ആവശ്യമുള്ള രോഗങ്ങൾ ബാധിച്ചിട്ടും തുടർച്ചയായി പ്രാഥമിക ചികിത്സ പോലും നിഷേധിക്കപ്പെട്ടു കഴിയുന്ന കുടുംബങ്ങളെ ഒന്നൊന്നായി കണ്ടപ്പോൾ എന്റെ മനസ്സും ശരീരവും മരവിച്ചു പോയി. അഭയാർഥിത്വത്തിന്റെ വേദനകൾ തിന്നുകൊണ്ടിരിക്കുന്ന ഈ സമൂഹത്തിന് ചികിത്സക്കുള്ള മൗലികാവകാശം പോലും നിഷേധിക്കപ്പെടുന്നു. കഠിനമായ കുറ്റബോധത്തോടെയാണ് ഞാനവിടെ നിന്നുമിറങ്ങിയത് –എനിക്ക് ലഭിച്ച അനുഗ്രഹങ്ങൾ അതില്ലാത്തവർക്ക് എത്തിച്ചുകൊടുക്കാനാവുന്നില്ലല്ലോ എന്നോർത്ത്. ആ കുറ്റബോധം ഇപ്പോഴും എന്നെ വേട്ടയാടുന്നു.

ലോകത്തിന്റെ മറുപാതിയിലെത്തിയിട്ടും, ഇന്നും അവരുടെ ജീവിത കഥകൾ എന്റെയുള്ളിൽ മുഴങ്ങുന്നു. അന്നാ അഭയാർഥി ക്യാമ്പിലൂടെ നടക്കുമ്പോൾ ഞാനറിഞ്ഞിരുന്നില്ല, ഏതാനും ആഴ്ചകൾക്കുള്ളിൽ എന്റെ ജീവിതമാകെ മാറിമറിയുമെന്ന്. 'നിങ്ങൾക്ക് കാൻസർ ആണ്' എന്ന, ഞരമ്പുകളെ തളർത്തിക്കളയുന്ന ആ വാർത്ത കേൾക്കുമെന്ന് ആരും പ്രതീക്ഷിക്കുകയില്ല. നിങ്ങളുടെ ജീവി

തത്തെയാകെ കീഴ്മേൽ മറിക്കുന്ന ഒന്നായിരിക്കും അത്. വിദഗ്ധാഭിപ്രായങ്ങൾ തേടിയുള്ള അലച്ചിലും, ഡോക്ടർമാരെ കാണാനുള്ള കാത്തിരിപ്പും, ചികിത്സയും, തളർച്ചയുമെല്ലാമായി അരോചകവും, എന്നാൽ ഒഴിച്ചുകൂടാനാവാത്തതുമായ യാതനകളായിരിക്കും തുടർന്ന് നിങ്ങളഭിമുഖീകരിക്കുക. ഇത്തരമൊരവസ്ഥ ആരും ആഗ്രഹിക്കില്ല; ഞാൻ തീർച്ചയായുമാഗ്രഹിച്ചിരുന്നില്ല. പക്ഷേ, ഐദായിൽ ഞാൻ കണ്ടുമുട്ടിയവരുടെ ഒളിമങ്ങാത്ത ഓർമകളുമായി ഫലസ്തീനോട് വിട പറഞ്ഞ് മൂന്നാഴ്ച കഴിയുമ്പോഴേക്കും എന്റെ ജീവിതത്തെ മാറ്റിമറിച്ചു കൊണ്ട് ആ വാർത്ത എന്നെത്തേടിയെത്തി.

എട്ടു മാസങ്ങൾക്കിപ്പുറം ആ 'എളിയ ദുരന്തം' ഇനിമേൽ എന്റെ കൂടെയുണ്ടാവില്ല. അവസാനത്തെ കീമോതെറാപ്പിക്കും മറ്റു പരിശോധനകൾക്കും വേണ്ടി ഞാൻ നാളെ ഡോക്ടറുടെ അടുത്തേക്ക് പോകും. ആ യാത്രയിൽ ആരും എന്നെ ചെക്ക്പോസ്റ്റുകളിൽ തടയുകയോ എന്റെ പാസ്പോർട്ടും മറ്റു രേഖകളുമാവശ്യപ്പെട്ട് യാത്ര ദുഷ്കരമാക്കുകയോ ചെയ്യില്ല. എന്റെ മതത്തിന്റെയോ വംശത്തിന്റെയോ പേരിൽ ഹൈവേയിലൂടെ സഞ്ചരിക്കാനുള്ള അവകാശം നിഷേധിക്കില്ല. എന്നെ ചോദ്യം ചെയ്യാനും അപമാനിക്കാനുമായി കാത്തു നിൽക്കുന്ന പട്ടാളക്കാരുമുണ്ടാവില്ല. എനിക്ക് ചികിത്സ നിഷേധിക്കുകയോ, മേൽ പറഞ്ഞ കരുതൽ നടപടികളിലൂടെ ചികിത്സ സ്വീകരിക്കുന്നതിൽ നിന്ന് എന്നെ തടയുകയോ ഇല്ല. എന്നാൽ ആ യാത്രയിൽ ഞാനോർക്കും, ഫലസ്തീനിയായി പിറന്നു എന്ന 'കുറ്റം' കാരണം സ്വതന്ത്രമായി യാത്ര ചെയ്യാനുള്ള അവകാശം നിഷേധിക്കപ്പെട്ട എന്റെ സഹോദരങ്ങളെ. തങ്ങളുടെ കുറ്റത്തിന് ഓരോ ദിവസവും അവർ സ്വന്തം ജീവൻ പിഴയായടച്ചുകൊണ്ടിരിക്കുന്നു.

തങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ പുറംലോകത്തോട് വിളിച്ചു പറയാതിരിക്കാനായി നിശ്ശബ്ദരാക്കപ്പെട്ട ഫലസ്തീനികളെക്കുറിച്ചാണ് ഞാൻ പറയുന്നത്. അവരിലോരോരുത്തർക്കും പറയാൻ സ്വന്തം കഥകളുണ്ട്; പക്ഷേ അവരുടെ ശബ്ദം അടിച്ചമർത്തി അവരെ ലോകത്തിനു മുന്നിൽ അദൃശ്യരാക്കിയിരിക്കുന്നു. അവരുടെ ജീവിതങ്ങൾക്ക് പറയപ്പെടാനോ കേൾക്കപ്പെടാനോ ഉള്ള അവസരം നിഷേധിച്ചിരിക്കുന്നു. കഴിഞ്ഞ ആറു ദശാബ്ദക്കാലം മനുഷ്യർ എന്ന പരിഗണന പോലും ലഭിച്ചിട്ടില്ലാത്ത ഈ ജനതയുടെ കഥകൾ പുറം ലോകത്തെത്തിക്കാനാണ് എന്റെ ശ്രമം.

ഏപ്രിൽ 28ന് ഗസ്സയിൽ പത്തൊൻപതുകാരിയായ ലത്വീഫ ഹൗർ കാൻസറിന് കീഴടങ്ങി ജീവൻ വെടിഞ്ഞതോടെ, ഇസ്രയേൽ ഉപരോധത്തിന്റെ ഇരകളുടെ ആകെ എണ്ണം 369 ആയി. ലിംഫ് നോഡുകളിൽ കാൻസർ ബാധിച്ച ലത്വീഫ, ചികിത്സ നിഷേധിക്കപ്പെട്ടതിനാലാണ് കാൻസറിന് കീഴടങ്ങിയത്. 1.5 മില്ല്യൺ ജനങ്ങളെ തടവിലാക്കി കൊട്ടിയടച്ച ഗസ്സയുടെ അതിർത്തി കവാടങ്ങൾ, വിദഗ്ധ ചികിത്സക്കായി പുറത്തുപോകാനനുവദിക്കാതെ ലത്വീഫക്കു മുന്നിലും അടഞ്ഞുകിടന്നു. കഴിഞ്ഞ കൊല്ലം ഇസ്രയേൽ നടത്തിയ 22 ദിവസത്തോളം നീണ്ട കാടൻ നരമേധത്തിൽ ഗസ്സയിലെ ആശുപത്രികളും ആക്രമിക്കപ്പെട്ടിരുന്നു. തുടർന്ന് ഉപരോധം കൂടിയായതോടെ ന്യൂറോ സർജറി, കീമോതെറാപ്പി, റേഡിയോ സർജറി പോലുള്ള അടിയന്തര ജീവരക്ഷാ ചികിത്സകൾ ഗസ്സയിലെ ആശുപത്രികളിൽ ലഭ്യമല്ലാതായിരിക്കുന്നു.

ഇസ്രയേലിന്റെ ഉപരോധ ഭീകരതയുടെ മറ്റൊരു ഇരയാണ് പത്തൊൻപതുകാരിയായ ഫിദ തലാൽ ഹിജ്ജി. 2007-ൽ ഹോഡ്കിൻസ് (Hodgkin's) രോഗബാധിതയായ ഫിദയെ ഗസ്സയിലെ അൽ-ശിഫാ ഹോസ്പിറ്റലിൽ ചികിത്സിച്ചെങ്കിലും, ആരോഗ്യ നില വഷളായതിനെത്തുടർന്ന് മജ്ജാ മാറ്റ ശസ്ത്രക്രിയക്ക് നിർദേശിച്ചു. പ്രസ്തുത ചികിത്സയാവട്ടെ, ഗസ്സയിൽ ലഭ്യവുമല്ല.

2009 ആഗസ്റ്റ് 20-ന് ഫിദയുടെ ഡോക്ടർമാർ അവളെ ഇസ്രയേലിലെ തെൽ-ഹഷോമർ ഹോസ്പിറ്റലിലേക്ക് റഫർ ചെയ്യുകയും സെപ്റ്റംബർ 23-ന് ശസ്ത്രക്രിയ നടത്താനുള്ള അപ്പോയ്ൻമെന്റ് ലഭിക്കുകയും ചെയ്തു. അപ്പോയ്ൻമെന്റ് തീയതിയായിട്ടും, യാത്രാനുമതിക്കുള്ള അവളുടെ അപേക്ഷ ഇസ്രയേൽ അധികൃതർ പരിഗണിക്കാത്തതിനെ തുടർന്ന് ആ അപ്പോയ്ൻമെന്റ് നഷ്ടമായി. ഒട്ടേറെ ശ്രമങ്ങൾക്കൊടുവിൽ ഒക്ടോബർ 20-ന് പുതിയ അപ്പോയ്ൻമെന്റ് നേടിയെടുത്ത്, യാത്രാനുമതിക്കായി വീണ്ടും അപേക്ഷിച്ചു. എന്നാൽ ആ അപേക്ഷയും പരിഗണിക്കപ്പെട്ടില്ല. ആരോഗ്യ നില അനുദിനം വഷളായിക്കൊണ്ടിരിക്കെ, ഇസ്രയേലിലെ ഷംനീദർ ഹോസ്പിറ്റലിൽ നവംബർ 9-ന് പുതിയ അപ്പോയ്ൻമെന്റ് ലഭിച്ചു. പക്ഷേ, യാത്രാനുമതിയുടെ കാര്യത്തിൽ അധികൃതർ പഴയ നിലപാടു തന്നെ തുടർന്നു. ഒടുവിൽ നവംബർ 11-ന് ഫിദ കാൻസറിന് കീഴടങ്ങി ലോക

ത്തോട് വിടപറഞ്ഞു. 'മഹാ കാരുണ്യ'പൂർവം നവംബർ 12-ന് ഇസ്രയേൽ അവൾക്ക് യാത്രാനുമതി നൽകി.

യു.എന്നിന്റെ 'ഓഫീസ് ഫോർ കോർഡിനേഷൻ ഓഫ് ഹ്യൂമനിറ്റേറിയർ അഫയേഴ്സ്' (OCHA) 2010 ജനുവരിയിൽ അവതരിപ്പിച്ച റിപ്പോർട്ടനുസരിച്ച് ഫിദയെയും ലത്വീഫയെയും പോലുള്ള ആയിരക്കണക്കിന് അപേക്ഷകളാണ് ഇസ്രയേൽ ഓരോ മാസവും തള്ളുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്നത്. അധിക പേർക്കും അപ്പോയ്ൻമെന്റുകൾ നഷ്ടപ്പെട്ടു; ചിലർക്ക് തങ്ങളുടെ ജീവൻ തന്നെ നഷ്ടമായി.

ഗസ്സയിലെ 27 ആശുപത്രികളിൽ 15 എണ്ണവും ഇസ്രയേൽ ആക്രമണത്തിൽ തകർക്കപ്പെട്ടതായി ആരോഗ്യ സംഘടന പറയുന്നു. ഉപരോധം മൂലം പ്രാഥമിക ചികിത്സാ കേന്ദ്രങ്ങൾ പോലും പുനർ നിർമിക്കാൻ സാധിക്കാത്തത്, നേരത്തേ തന്നെ പരിതാപകരമായിരുന്ന അവസ്ഥയെ കൂടുതൽ ഗുരുതരമാക്കിയിരിക്കുന്നു.

ജീവിച്ചു തുടങ്ങും മുമ്പേ ജീവൻ വെടിയേണ്ടിവന്നവരാണ് ലത്വീഫയും ഫിദയും. അവരെപ്പോലെ 'ഗസ്സാ തടവറ'യിലകപ്പെട്ട് യാതനകളനുഭവിക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് എന്തുകൊണ്ടാണ് സ്വന്തം ജീവനു വേണ്ടി പോരാടാനുള്ള അവസരം പോലും നിഷേധിക്കപ്പെടുന്നത്? അവരുടെ ജീവന് അത്രക്ക് വിലയില്ലെന്നാണോ? നമ്മെപ്പോലെ അവർക്കുമില്ലേ സുഖവും ദുഃഖവും വേദനകളുമൊക്കെ? ഒരു നിമിഷം ആലോചിച്ചു നോക്കൂ: അവരുടെ സ്ഥാനത്ത് നിങ്ങളാണെങ്കിൽ എന്തായിരിക്കും നിങ്ങളുടെ അവസ്ഥ? ചികിത്സിച്ചു മാറ്റാവുന്ന അസുഖമായിട്ടു പോലും മരണവും കാത്തുകിടക്കേണ്ടി വരുന്ന അവസ്ഥ ആലോചിച്ചു നോക്കൂ. അധികൃതരുടെ അനാസ്ഥ കാരണം, ഏതു നിമിഷവും തന്റെ ജീവനു വേണ്ടിയുള്ള പോരാട്ടം നിലച്ചേക്കാമെന്ന ക്രൂരസത്യം മനസ്സിലാക്കി കഴിയേണ്ടി വരുമ്പോഴുള്ള ഭീകരത ഓർത്തു നോക്കൂ. ഗസ്സയിലെ ജനങ്ങളെ സംബന്ധിച്ചേടത്തോളം അടിയന്തര ചികിത്സ ആവശ്യമുള്ള ഏതെങ്കിലും അസുഖം ബാധിക്കുകയെന്നാൽ, ഇസ്രയേൽ അധികൃതർ തങ്ങൾക്ക് മേൽ വിധിച്ച വധശിക്ഷയെന്നാണ്.

ഐദായിൽ നിന്നും അവസാനം എന്റെ മനസ്സിൽ പതിഞ്ഞ ദൃശ്യം ഫലസ്ത്വീനിലെ ഒരു നേരമ്പോക്കിന്റേതാണ്. കുറച്ച് ആൺകുട്ടികൾ പട്ടം പറത്തിക്കളിക്കുന്ന ആ ദൃശ്യം, ദുരന്തങ്ങളിൽനിന്ന് അതിവേഗം മുക്തരായി പുതുമകളെ പുൽകാൻ വെമ്പുന്ന ഫലസ്ത്വീൻ ജനതയുടെ ആത്മഭാവത്തെ പ്രതിനിധീകരിക്കുന്നു. ഉപരോധത്തിലും, നിരന്തരമായ ആക്രമണ ഭീതിയിലും കഴിയുമ്പോഴും ജീവിതത്തോട് ഫലസ്ത്വീനികൾ കാണിക്കുന്ന ഈ അഭിനിവേശം വിസ്മയകരമാണ്.

കൺമുന്നിൽ ഇത്രയും അനീതി നടക്കുമ്പോൾ നിശ്ശബ്ദയായിരിക്കാൻ എനിക്ക് കഴിയില്ല. അതുകൊണ്ടാണ് ഞാനിതെഴുതുന്നത്. എന്റെ നിശ്ശബ്ദത, എന്നെ ഈ യുദ്ധത്തിൽ പങ്കാളിയാക്കും. പാപത്തിന്റെ പങ്കാളിയാകാൻ ഞാൻ വിസമ്മതിക്കുന്നു. ഈ ക്രൂരമായ അടിച്ചമർത്തലും നീതി നിഷേധവും ഇനിയും തുടരാൻ പാടില്ല. തിന്മക്കെതിരെ പൊരുതുന്ന പ്രിയ സുഹൃത്തേ, കീഴടങ്ങരുത്; നിശ്ശബ്ദനാവരുത്. തല ഉയർത്തിപ്പിടിക്കുക. വിപത്തുകൾ ആഞ്ഞടിക്കുമ്പോൾ പതറരുത്; കാരണം, കാറ്റിനൊപ്പമാവുമ്പോഴല്ല, കാറ്റിനെതിരെയാവുമ്പോഴാണ് പട്ടങ്ങൾ ഉയരുന്നത്. ■

(ഫലസ്ത്വീൻ സ്വദേശിനിയായ ദിന എൽമൂത്തി ഇപ്പോൾ അമേരിക്കയിലെ സതേൺ ഇല്ലിനോയിസ് യൂണിവേഴ്സിറ്റിയിൽ സോഷ്യൽ വർക്ക് പ്രോഗ്രാം വിദ്യാർഥിനിയാണ്)

**വിവ: കെ. ഹബീബ് അയിരൂർ**